(ബി) കൃഷി ചെയ്യുന്നതിനും വനവിഭവങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുന്നതിനും പ്രസ്തുത ഗിരിജൻ സൊസൈറ്റിക്ക് അടിയന്തര സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പട്ടികവർഗ്ഗ സഹകരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. സൊസൈറ്റി കൃത്യമായി പദ്ധതി രൂപരേഖ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.

**പട്ടികവർഗ്ഗ വികസന വകുപ്പിനെക്കുറിച്ച് പി & എ.ആർ.ഡി. നടത്തിയ വർക്ക് സ്റ്റഡി**

216 (8052) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പി. & എ.ആർ.ഡി. മുഖേന പട്ടികവർഗ്ഗ വികസന വകുപ്പിനെക്കുറിച്ച് നടത്തിയ വർക്ക് സ്റ്റഡി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ബി) ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത വർക്ക് സ്റ്റഡി വകുപ്പിന് ഗുണം ചെയ്യുമെന്ന് അഭിപ്രായമുണ്ടോ ; ഇക്കാര്യത്തിൽ നയം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി. & എ.ആർ.ഡി. ടീം 2010 നവംബറിൽ സർക്കാരിന് സമർപ്പിച്ച വർക്ക് സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് സമർപ്പിച്ച വിശദമായ പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്.

(സി) പ്രസ്തുത വർക്ക് സ്റ്റഡിയിലെ നിർദ്ദേശങ്ങൾ വകുപ്പിലെ ജോലിഭാരം ലഘൂകരിക്കുന്നതിനും അതുവഴി പട്ടികവർഗ്ഗ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനും വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ കാലതാമസം കൂടാതെ ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിനും സഹായകമാണ്.

LIBRARY ARCHIVES Kerala Legislative Assembly